# പാട്ടരങ്ങ്

ലക്ഷ്യങ്ങൾ

* താള വൈവിധ്യമുള്ള പാട്ടുകൾ,കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു

*ചൊല്ലി കേൾക്കുന്ന പാട്ടുകൾ കവിതകൾ ഈണം താളം പാലിച്ച് കൊണ്ട് ഏറ്റു ചൊല്ലുന്നു

*പാട്ടുകളുടെ യകവിതകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും വാദ്യോപകരണങ്ങൾ വായിക്കുകയും ചുവടുകൾ വെയ്ക്കുകയും ചെയ്യുന്നു

*വാക്കുകളും വരികളും കൂട്ടിച്ചേർത്ത് എഴുതാനും പാടാനും കഴിവ് നേടുന്നു

*വായ്ത്താരികൾ ഈണവും താളവും പാലിച്ച് സ്വതന്ത്രമായി പാടുന്നു

പ്രവർത്തനങ്ങൾ

- ➔ ഓരോ മാസത്തിലും കുട്ടികൾ പാടി അഭിനയിക്കേണ്ട പാട്ടുകൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.(അനുബന്ധം 1 കാണുക)
- ➔ ഓരോ പാട്ടുകളും ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കുന്നതിനുള്ള സാധന സാമഗ്രികൾ ടീച്ചർ,കുട്ടി,രക്ഷിതാവ് എന്നിവർ ചേർന്ന് കണ്ടെത്തുന്നു.(അനുബന്ധം 1 കാണുക)
- ➔ ഓരോ മാസവും പാട്ടരങ്ങ് നടക്കേണ്ട തിയ്യതിയും(CPTA ദിവസം) അതിൽ പങ്കെടുക്കേണ്ട വിശിഷ്ടാതിഥിയെയും മുൻകൂട്ടി നിശ്ചയിക്കുന്നു.
- ➔ പാട്ടരങ്ങുകളു മായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയ ,പത്രം,വിഷ്വൽ മീഡിയ എന്നിവയിലൂടെ പ്രചരണങ്ങൾ സംഘടിപ്പിക്കുക
- ➔ പാട്ടരങ്ങുകൾ വ്യത്യസ്ത സാധ്യതകളിലൂടെ ഡോക്യുമെന്റ് ചെയ്യുക

അനുബന്ധം 1

| മാസം | യൂണിറ്റ് | പാട്ടിന്റെ പേര് | പാട്ട്-വിഭാഗം | ഒരുക്കേണ്ട സാധന സാമഗ്രികൾ | |
|---|---|---|---|---|---|
| | | | | ടീച്ചർ | കുട്ടി |
| ജൂൺ | | | | | |
| ജൂലായ് | | | | | |
| ആഗസ്റ്റ് | | | | | |
| സപ്തംബർ | | | | | |
| ഒക്ടോബർ | | | | | |
| നവംബർ | | | | | |
| ഡിസംബർ | | | | | |
| ജനവരി | | | | | |
| ഫെബ്രുവരി | | | | | |

അനുബന്ധം 2

| മാസം | പാട്ടരങ്ങ് -തിയ്യതി | വിശിഷ്ടാതിഥി/ഫോൺ നമ്പർ | |
|---|---|---|---|
| ജ്ഞൂൺ | | | |
| ജ്ഞുലായ് | | | |
| ആഗസ്റ്റ് | | | |
| സപ്തംബർ | | | |
| ഒക്ടോബർ | | | |
| നവംബർ | | | |
| ഡിസംബർ | | | |
| ജനുവരി | | | |
| ഫെബ്രുവരി | | | |
| മാർച്ച് | | | |

| | | | |
|---|---|---|---|

**വായനോൽസവം**

ലക്ഷ്യം

- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലഘു കഥകൾ,പാട്ടുകൾ കുറിപ്പുകൾ എന്നിവ ആശയ വ്യക്തതയോടും ഒഴുക്കോടും വായിക്കുന്നതിന് പ്രാപ്തമാക്കൽ
- ലഘു ബാല സാഹിത്യ കൃതികൾ വായിക്കുന്നതിനും ആശയങ്ങൾ പങ്കുവെയ്ക്കുന്നതിനും പ്രാപ്തമാക്കൽ
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കൽ

പ്രവർത്തന കാലയളവ്

ജൂൺ- മാർച്ച്

പ്രവർത്തനങ്ങൾ

# ജൂൺ

- ➔ സ്കൂൾ ലൈബ്രറിയിൽ നിന്ന് ഒന്നാം ക്ലാസ്സ് കുട്ടികളുടെ വിവിധ തരം വായനകൾക്കായുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നു.
- ➔ അവ ക്ലാസ്സ് ലൈബ്രറിയിൽ ക്രമീകരിക്കുന്നു
- ➔ ഓരോ മാസവും നടക്കേണ്ട വായന പ്രവർത്തനങ്ങൾ നിശ്ചയിച്ച് അതിനനുസരിച്ച് ക്ലാസ്സ് ലൈബ്രറിയിലെ പുസ്തകങ്ങൾ പട്ടികപ്പെടുത്തുന്നു.
- ➔ ചിത്ര കഥ പുസ്തകങ്ങൾ വായനയ്ക്കായി നൽകുന്നു.ചിത്രം നോക്കി കഥ പറയുന്നു
- ➔ ടീച്ചറും രക്ഷിതാക്കളും കഥകൾ വായിച്ചു കേൾപ്പിക്കുന്നു
- ➔ ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥയിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.
- ➔ ചിത്രവായനാ കാർഡുകൾ തയ്യാറാക്കുന്നു
- ➔ കഥയരങ്ങ് -CPTA യോഗത്തിൽ

# ജൂലായ്

- ➔ ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ച് കേൾപ്പിക്കുന്നു
- ➔ വീട്ടുവായന-രക്ഷിതാക്കൾ പുസ്തകങ്ങൾ വായിക്കുന്നു.കുട്ടികളുമായി പങ്കുവെയ്ക്കുന്നു
- ➔ കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു
- ➔ കഥയരങ്ങ് -CPTA യോഗത്തിൽ
- ➔ ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കുന്നു

## ആഗസ്റ്റ്

- ➔ ICT സാധ്യതകൾ,വായനാ കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ വായനയിലേക്ക് ആകൃഷ്ടരാക്കൽ
- ➔ രക്ഷിതാവിന്റെ സഹായത്തോടെ വായന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ➔ കഥയരങ്ങ് -CPTA യോഗത്തിൽ

## സപ്തംബർ

- ➔ കുഞ്ഞുകഥകൾ, പാട്ടുകൾ, ക്ലാസ്സ് ലൈബ്രറി ഒരുക്കുന്നു

( ഒരു പുസ്തകത്തിന്റെ കൂടുതൽ കോപ്പികൾ ഉറപ്പാക്കുന്നു)

- ➔ പഠന പ്രവർത്തനത്തിൽ ഉൾച്ചേർത്ത് ലൈബ്രറി ഉപയോഗിക്കുന്നു.
- ➔ കൂട്ടവായന-കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ചു ചിത്ര കഥ വായന നടത്തുന്നു.
- ➔ കഥയരങ്ങ് -CPTA യോഗത്തിൽ

## ഒക്ടോബർ

- ➔ ടീച്ചറും കുട്ടിയും ക്ലാസ് മുറിയിൽ വച്ച് വായനാ കാർഡുകൾ നിർമിക്കുന്നു.
- ➔ കുട്ടിയും അമ്മയും വായനാ കാർഡ് നിർമ്മാണം
- ➔ അമ്മമാർക്ക് പരിശീലനം CPTA .
- ➔ വായനാ കാർഡുകൾ കൈമാറി വായന -വീട്ടിലേക്ക്
- ➔ -വായനാ പ്രവർത്തനങ്ങൾ .
- ➔ കഥയരങ്ങ് -CPTA യോഗത്തിൽ

## നവംബർ

- ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു.
- കുട്ടി സഹായത്തോടെ വായിക്കുന്നു
- കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം
- വേദികളിൽ സ്വതന്ത്രമായി കഥ പറയൽ,തലക്കെട്ട് വായന

## ഡിസംബർ

- വായനാ പ്രവർത്തനങ്ങൾ നൽകുന്നു
- പത്രവായനയിലേക്ക്
- തലക്കെട്ട് വായന
- ചിത്രം നൽകി വാർത്ത കണ്ടെത്തൽ
- വാർത്ത നൽകി ചിത്രം തെരഞ്ഞെടുക്കൽ
- കഥയരങ്ങ് -CPTA യോഗത്തിൽ

## ജനുവരി

- കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾ വായിക്കുന്നു
- രക്ഷിതാക്കളുടെ സഹായത്തോടെ കഥകൾ എഴുതുന്നു
- കഥയരങ്ങ് -CPTA യോഗത്തിൽ

## ഫെബ്രുവരി

- ബാല സാഹിത്യ കൃതികൾ ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കുന്നു
- ക്ലാസ്സിൽ പത്ര വായന-ചെറു വാർത്തകൾ ഹൈലൈറ്റ് ചെയ്ത് വായിക്കുന്നു
- കഥയരങ്ങ് -CPTA യോഗത്തിൽ

## മാർച്ച്

- പത്രം വായിക്കുന്നു.
- ബാലമാസികകൾ വായിക്കുന്നു.
- പഠനോൽസവം -കഥയരങ്ങ്

## എല്ലാ മാസവും

- ഭാഷാ പിരീഡുകളിൽ വായന കാർഡ്,നിർമിത കഥകൾ എന്നിവ വായിപ്പിക്കുന്നു.
- വായിച്ചു കേൾപ്പിക്കുന്നതിനാവശ്യമായ വായനാകാർഡുകൾ നിർമ്മാണം
- 50 പുസ്തകങ്ങളെങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- ഇംഗ്ലീഷ് ഭാഷ വികാസത്തിനനുയോജ്യമായ വായനാ കാർഡുകൾ തയ്യാറാക്കൽ

- ➔ സിപിടിഎ യോഗങ്ങൾ
- ➔ കഥയരങ്ങ്

**രചനോൽസവം**

ലക്ഷ്യങ്ങൾ

- ➢ ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളേയും ലഘു വാക്യങ്ങൾ തെറ്റു കൂടാതെ എഴുതാൻ പ്രാപ്തമാക്കൽ
- ➢ ഇഷ്ടപ്പെട്ട വിഷയങ്ങളെ കുറിച്ച് ലഘു കുറിപ്പുകൾ എഴുതുന്നതിന്
- ➢ കുട്ടിപ്പാട്ടുകൾ,കഥകൾ എഴുതുന്നതിന്
- ➢ എല്ലാ കുട്ടികളെയും സ്വതന്ത്ര രചയിതാക്കളാക്കൽ

പ്രവർത്തനങ്ങൾ

ജൂൺ

- ➢ സംയുക്ത ഡയറി-എല്ലാ ദിവസവും എഴുതുന്നു
- ➢ ഒരു മാസത്തെ ഡയറികൾ ആ മാസത്തെ CPTA യിൽ പ്രദർശിപ്പിക്കുന്നു

ജൂലായ്

- ➢ താളാത്മക വരികൾ നിർമ്മിക്കാൻ കഴിയുന്ന ചിത്രങ്ങൾ പ്രദർശനം
- ➢ കുട്ടികൾ താളാത്മകമായി വരികൾ നിർമ്മിക്കുന്നു
- ➢ വരികൾ ടീച്ചർ ചാർട്ടിൽ എഴുതുന്നു
- ➢ കുട്ടികൾ നോട്ട് ബുക്കിൽ എഴുതുന്നു.അനുയോജ്യമായ ചിത്രങ്ങൾ വരയ്ക്കുന്നു

ആഗസ്റ്റ്

- ➢ കഥാ ചാർട്ടുകൾ /ചിത്രങ്ങൾ ക്ലാസ്സിൽ പ്രദർശനം
- ➢ ചിത്രം നോക്കി കുട്ടികൾ കഥ പറയുന്നു
- ➢ കുട്ടികൾ പറഞ്ഞ കഥകൾ ടീച്ചർ ചാർട്ടിൽ എഴുതുന്നു
- ➢ ചാർട്ടിൽ എഴുതിയ കഥ കുട്ടി എഴുതുന്നു.അനുയോജ്യമായ ചിത്രങ്ങൾ വരയ്ക്കുന്നു

സപ്തംബർ

- കുട്ടികൾക്ക് ചിത്രങ്ങൾ മാത്രമുള്ള പുസ്തകങ്ങൾ വായനയ്ക്കായി നൽകുന്നു
- രക്ഷിതാവും കുട്ടിയും ചേർന്ന് കഥ നിർമ്മിക്കുന്നു
- കുട്ടിയും രക്ഷിതാവും ചേർന്ന് കഥ നോട്ട് പുസ്തകത്തിൽ എഴുതുന്നു.അനുയോജ്യമായ ചിത്രങ്ങൾ വരയ്ക്കുന്നു.

ഒക്ടോബർ

- ബാല പ്രസിദ്ധീകരണങ്ങൾ ക്ലാസ്സിൽ ആവശ്യത്തിന് ഒരുക്കുന്നു.
- ചിത്ര കഥകൾ എഴുതാനുള്ള പേജ് കുട്ടികൾക്ക് നൽകുന്നു
- ചിത്രങ്ങൾക്കനുസരിച്ച് കുഞ്ഞു വാക്യങ്ങൾ എഴുതുന്നു.
- ചിത്ര കഥ തയ്യാറാക്കുന്നു

നവംബർ

- വരികൾ കൂട്ടിച്ചേർത്ത് ലഘു കവിതകൾ /പാട്ടുകൾ എഴുതുന്നു.
- കഥയുടെ ആദ്യഭാഗം നൽകി ബാക്കി സ്വന്തമായി എഴുതുന്നു.

ഡിസംബർ,ജനുവരി

- സ്വന്തമായി ലഘു കവിതകൾ ,കഥകൾ എഴുതുന്നു
- സ്വതന്ത്രമായി ഡയറി എഴുതുന്നു
- ലഘു കുറിപ്പുകൾ എഴുതുന്നു
- ചിത്ര കഥകൾ എഴുതുന്നു

ഫെബ്രുവരി

ജൂൺ മുതൽ ഫെബ്രുവരി വരെ കുട്ടി എഴുതിയ ഡയറികൾ ഒരുമിച്ച് ചേർത്ത് പതിപ്പാക്കുന്നു.ഓരോ കുട്ടിയ്ക്കും ഓരോ ഡയറിപതിപ്പ് (രക്ഷിതാക്കളുടെ സഹായത്തോടെ)
ജൂൺ മുതൽ ഫെബ്രുവരി വരെ കുട്ടി എഴുതിയ കഥകൾ,പാട്ടുകൾ,ചിത്രകഥകൾ,കുറിപ്പുകൾ എന്നിവ രക്ഷിതാക്കളുടെ സഹായത്തോടെ ക്രോഡീകരിക്കുന്നു.അവ ചേർത്ത് ഓരോ കുട്ടിയും കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു

മാർച്ച്

ഡയറി പതിപ്പ്,കുഞ്ഞെഴുത്ത് എന്നിവ പഠനോൽസവത്തിൽ പ്രകാശനം ചെയ്യുന്നു.
മികച്ചവയക്ക് സമ്മാനം നൽകുന്നു
എല്ലാ കുട്ടികളെയും അനുമോദിക്കുന്നു.

## മഞ്ചാടി സഞ്ചി

ആമുഖം

ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്.ഗണിതം ജീവിതത്തിൽ നിന്ന് ഒഴിച്ചുകൂടാനാവാത്തതാണല്ലോ.ഭാഷയിലും ശാസ്ത്രത്തിലും മറ്റു ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളിപ്പോകാതെ മുഖ്യാധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ഗണിതം പാട്ടിലൂടെയും കളിയിലൂടെയും ആസ്വാദ്യകരമാക്കാം.പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാക്കുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ലക്ഷ്യം..

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും (1-20 വരെ)ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിനും നിർദ്ധാരണം ചെയ്യുന്നതിനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കും
മനഗണിതത്തിലൂടെ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ പ്രാപ്തരാക്കും

പ്രവർത്തനങ്ങൾ

### ജൂൺ

- ➔ ക്ലാസ്സ് മുറിയിൽ ഗണിത ലാബ് സെറ്റ് ചെയ്യുന്നു
- ➔ ഗണിത പഠനത്തിനും യുക്തിചിന്താവികാസത്തിനുമുതകുന്ന സാധന സാമഗ്രികൾ ഗണിത ലാബിൽ ക്രമീകരിക്കും
- ➔ ഗണിത ശില്പശാല സംഘടിപ്പിച്ച് ഗണിത ലാബ് വികസിപ്പിക്കും
- ➔ എല്ലാകുട്ടികൾക്കും മഞ്ചാടി സഞ്ചി തയ്യാറാക്കും
- ➔ ഉല്ലാസഗണിത കിറ്റ് കുട്ടികൾക്ക് നൽകും

### ജൂലായ്

- ഗണിത കടങ്കഥകൾ അവതരിപ്പിക്കും
- ഗണിത പാട്ടുകൾ,കഥകൾ എന്നിവയിലൂടെ പ്രായോഗിക പ്രശ്ന വിശകലനത്തിനും നിർദ്ധാരണത്തിനും അവസരം ഒരുക്കും.
- ഗണിത പസിലുകൾ അവതരിപ്പിക്കും

## ആഗസ്റ്റ്

- വലിയ സംഖ്യ,ചെറിയ സംഖ്യ തിരിച്ചറിയൽ
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു

## സപ്തംബർ

- സംഖ്യ ഗാനങ്ങൾ അവതരിപ്പിക്കൽ
- സങ്കലനം,വ്യവകലനം ഇവ ചേർന്നു വരുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു

## ഒക്ടോബർ

- 20 വരെയുള്ള വിവിധ സംഖ്യാ ശ്രേണികൾ രൂപീകരിക്കുന്നു
- സംഖ്യാ ശ്രേണികളിലെ സംഖ്യാബന്ധങ്ങൾ കണ്ടെത്തി വിശദീകരിക്കുന്നു

## നവംബർ

- സംഖ്യാ ഗാനങ്ങൾ ശേഖരിക്കുന്നു
- ഗണിത വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു,വിതരണം ചെയ്യുന്നു

## ഡിസംബർ

- ഗണിത ആൽബം തയ്യാറാക്കുന്നു
- My Number Book തയ്യാറാക്കുന്നു
- സംഖ്യാ സൗന്ദര്യം -വർക്ക് ബുക്ക് തയ്യാറാക്കുന്നു

## ജനുവരി

- ഒന്നു മുതൽ 20 വരെ സംഖ്യകളെ സങ്കലന,വ്യവകലന ക്രിയകൾ ഉൾപ്പെടുത്തി വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത ആൽബം -CPTA യിൽ പ്രദർശനം
- സംഖ്യാ സൂര്യൻ-ആൽബം പ്രദർശനം
- സംഖ്യാ ഗാന ആൽബം തയ്യാറാക്കൽ

➔ വിലവിവരപട്ടിക ഉപയോഗിച്ച് പ്രശ്ന വിശകലനം,നിർദ്ധാരണം നിർവഹിക്കുന്നു

**മാർച്ച്**

➔ വിവിധ തരം വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു

➔ ലഘു പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു

## ലിറ്റിൽ സ്കോളർ

ലക്ഷ്യങ്ങൾ

➔ കുട്ടികളുടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക

➔ യുക്തി ചിന്തയും ശാസ്ത്ര ബോധവും വളർത്തുക

പ്രവർത്തനങ്ങൾ

- എല്ലാ ആഴ്ചയിലും ക്ലാസ്സ് തലത്തിൽ ക്വിസുകൾ സംഘടിപ്പിക്കുക.പൊതുവിജ്ഞാനം,പത്ര വാർത്ത,പഠന പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ക്വിസ് നടത്തേണ്ടത്.
- ക്ലാസ്സ് തല വിജയികൾക്ക് സമ്മാനങ്ങൾ നൽകും.
- ക്ലാസ്സ് തല വിജയിയെ ലിറ്റിൽ സ്റ്റാറായി പ്രഖ്യാപിക്കും
- ഒരു മാസം നടന്ന ക്ലാസ്സ് ക്വിസിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി എല്ലാ ക്ലാസ്സിലും മാസാന്ത്യ ക്വിസ് സംഘടിപ്പിക്കും.വിജയികളെ മെഗ സ്റ്റാറുകളായി പ്രഖ്യാപിക്കും.
- 10 മാസം നടന്ന വാരാന്ത്യ,മാസാന്ത്യ ക്വിസുകളെ അടിസ്ഥാനപ്പെടുത്തി വാർഷിക ക്വിസ് സംഘടിപ്പിക്കും .
- വാർഷിക ക്വിസിലെ വിജയികളെ ലിറ്റിൽ സ്കോളറായി പ്രഖ്യാപിക്കും.
- വാർഷിക ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകും.

**ശിൽപശാലകൾ**

ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് മൂർത്തമായ പഠനാനുഭവങ്ങൾ ഒരുക്കുന്നതിന്
- പഠന പ്രക്രിയയിൽ രക്ഷിതാവിന്റെ റോൾ ബോധ്യപ്പെടുത്തുന്നതിനും രക്ഷിതാവിനെ പങ്കാളികളാക്കുന്നതിനും
- പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണങ്ങൾ,പഠന സാമഗ്രികൾ  എന്നിവ നിർമ്മിക്കുന്നതിന്
- വായന കാർഡുകൾ തയ്യാറാക്കുന്നതിന്
- കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന്

പ്രവർത്തനങ്ങൾ

- ഓരോ വിഷയത്തിലും ശിൽപശാലയിലൂടെ രൂപപ്പെടുത്തേണ്ട ഉൽപന്നങ്ങൾ /സാമഗ്രികൾ എന്നിവ മുൻകൂട്ടി തയ്യാറാക്കുന്നു(അനുബന്ധം 1)
- എല്ലാ മാസവും ഒരു ശിൽപശാല എന്ന നിലയിൽ സംഘടിപ്പിക്കും

| മാസം | വിഷയം | നിർമ്മിക്കുന്ന ഉൽപന്നം/ സാമഗ്രികൾ | ആവശ്യമായ സാധന സാമഗ്രികൾ | | ശിൽപശാല തിയ്യതി | ശിൽപശാല നേതൃത്വം |
|---|---|---|---|---|---|---|
| | | | കുട്ടികൾ കൊണ്ടു വരേണ്ടത് | ടീച്ചർ ഒരുക്കേണ്ട ത് | | |
| ജൂൺ | | | | | | |
| ജൂലായ് | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

# ക്ലാസ്സ് പിടിഎ യും വിലയിരുത്തലും

- എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കും
- എല്ലാ കുട്ടികളും അന്താരാഷ്ട്ര നിലവാരം കൈവരിക്കും
- **പഠന പ്രക്രിയയിൽ രക്ഷിതാവ് പൂർണ പങ്കാളിയാകും**

**രക്ഷിതാക്കളുടെ പഠന പിന്തുണ**

- എല്ലാ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തും
- ഇതിനായി SRG യിൽ ചർച്ച ചെയ്ത് പ്രിന്റഡ് ടൂളുകൾ തയ്യാറാക്കും
- രക്ഷിതാവ് വീട്ടിൽ വെച്ച് കുട്ടിയെ വിലയിരുത്തുന്നു.ഇതിനായി രക്ഷിതാക്കൾ കുട്ടികൾക്ക് പ്രവർത്തനങ്ങൾ നൽകും.
- രക്ഷിതാവിന് നൽകുന്ന വിലയിരുത്തൽ ഫോർമാറ്റ് ഇതിന്റെ അടിസ്ഥാനത്തിൽ പൂരിപ്പിക്കുന്നു(മാതൃക അനുബന്ധം)
- എല്ലാ മാസവും യൂണിറ്റ് ടെസ്റ്റിന് ശേഷം ക്ലാസ്സ് പിടിഎ യോഗം ചേരും
- രക്ഷിതാവിന്റെ വിലയിരുത്തൽ ഫോർമാറ്റ് ക്ലാസ്സ് പിടിഎ യിൽ കൊണ്ടു വരുന്നു
- ആവശ്യമെങ്കിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നു
- ടീച്ചർ ,രക്ഷിതാവ് എന്നിവരുടെ വിലയിരുത്തൽ ഫലങ്ങൾ വിശകലനം ചെയ്ത് പൊതുവായ കണ്ടെത്തലുകൾ അവതരിപ്പിക്കും.(എല്ലാവരും കൈവരിച്ച പഠന നേട്ടങ്ങൾ,ഭൂരിഭാഗം പേരും പിന്നിൽ പോയ പഠന നേട്ടങ്ങൾ......................)
- ഇതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നു
- അടുത്ത മാസത്തെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഹാന്റ് ഔട്ട് (രക്ഷാകർതൃ സഹായി) വിതരണം ചെയ്യുന്നു.
- ചർച്ച നടത്തി വ്യക്തത വരുത്തുന്നു
- ക്ലാസ്സ് വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കും.
- ക്ലാസ്സ് റൂമിലെ കുട്ടികളുടെ പ്രകടനങ്ങൾ വാട്ട്സ്ആപ്പിൽ പ്രസിദ്ധീകരിക്കും ഇതിലൂടെ കുട്ടിയെക്കുറിച്ച് രക്ഷിതാവിന് വിലയിരുത്താനാകും
- എല്ലാ ദിവസവും തുടർപ്രവർത്തനം(അസൈൻമെന്റ്) നൽകും.ഇത് വാട്ട്സാപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യും

- ക്ലാസ്സിൽ രക്ഷിതാക്കൾക്ക് ഇരിപ്പിട മൊരുക്കും.ഏത് രക്ഷിതാക്കൾക്ക് വേണമെങ്കിലും ക്ലാസ്സിലിരുന്ന് കുട്ടിയുടെ പഠന പ്രക്രിയ കാണാനാകും.ഇങ്ങനെ തുറന്ന ക്ലാസ്സ് മുറി പ്രോൽസാഹിപ്പിക്കും.
- ടീച്ചറെ വിവിധ മേഖലകളിൽ സഹായിക്കാൻ കഴിയുന്ന 5 വീതം പേരെ ഉൾപ്പെടുത്തി ഓരോ ക്ലാസ്സിനും പ്രത്യേകം SSG രൂപീകരിക്കും.ഇവർ രക്ഷിതാക്കളാവണമെന്ന് നിർബന്ധമില്ല.
- കുട്ടികളുടെ പഠനത്തിന് സഹായകമായ ആപ്പുകൾ രക്ഷിതാക്കളുടെ ഫോണിൽ ഇൻസ്റ്റാൾ ചെയ്യും.ഇതിനാവശ്യമായ പരിശീലനവും നൽകും.
- എല്ലാ കുട്ടികളുടെയും രചനകൾ ഉൾപ്പെടുന്ന തരത്തിൽ എല്ലാ മാസവും പതിപ്പുകൾ തയ്യാറാക്കും.ഇതിനെ ഡിജിറ്റലൈസ് ചെയ്ത് നവ മാധ്യമങ്ങളിലും സ്കൂൾ ഗ്രൂപ്പുകളിലും പ്രസിദ്ധീകരിക്കും
- വിദ്യാലയത്തിന് പുറത്തുള്ള പഠന സാധ്യതകൾ പ്രയോജനപ്പെടുത്തും
- ഇതിനായി ലോക്കൽ റിസോഴ്സ് മാപ്പ് തയ്യാറാക്കും
- സമൂഹത്തിലെ വിദഗ്ദരുടെ സേവനം ക്ലാസ്സ് മുറിയിൽ പ്രയോജനപ്പെടുത്തും
- എല്ലാ യൂണിറ്റുകളുമായി ബന്ധപ്പെട്ട് പരമാവധി ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കും
- ട്വിന്നിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കും
- പഠന യാത്രകൾ സംഘടിപ്പിക്കും
- എല്ലാ കുട്ടികളെയും പഠന യാത്രകളിൽ പങ്കാളികളാക്കും
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൂതന കാഴ്ച്ചപ്പാടോടെ ക്യാമ്പുകൾ സംഘടിപ്പിക്കും
- ക്യാമ്പുകളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കും
- മൽസര പരീക്ഷകൾ,ക്വിസുകൾ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകും

# BUTTERFLY

## Introduction

The goal is for  the first grader to handle english fluently.The first grader must to go from small word to big word ,must be ale to read ,write and speak english with it.No child should be able to speak english fluently like Malayalam.We have to keep our world language English close to our hearts.Tha academic master plan is designed to ensure that not a single child goes illierate.

## Aims

Enable all children to read and write and speech in english

## JUNE

- ➔ Games,action songs in hello English activities
- ➔ Provide picture cards to make picture dictionary
- ➔ Listen stories,rhymes with the help of ICT

## JULY

- ➔ Say,read and write familiar words
- ➔ Describe things and pictures
- ➔ Presentation of Choreography
- ➔ Arrange Class library

## AUGUST

- ➔ Enjoy songs and sing them with rhythm and acion
- ➔ Participation in English Assembly
- ➔ Describe orally about pictures and object in class room and school compound by using adjectives.

## SEPTEMBER

- ➔ Read and write simple words and sentences
- ➔ Making greeting cards
- ➔ English hour and English day

**OCTOBER**

- ➔ Introduce simple pictures
- ➔ Word chain,sentence chain and make words
- ➔ Presentation of riddles and puzzles
- ➔ Word games and spelling games
- ➔ Class level cultural programmes

**NOVEMBER**

- ➔ My small description book is being prepared
- ➔ Preparing the reading cards
- ➔ Self introduction
- ➔ Introducing friends and others
- ➔ Writes 5 english words daily
- ➔ Making Posters

**DECEMBER**

- ➔ Speech about likes and dislikes
- ➔ Conduct simple discussion in English
- ➔ Simple instructions in the class room
- ➔ Encourages digital reading in the class room every day

**JANUARY**

- ➔ Story reading
- ➔ Story telling
- ➔ English News reading
- ➔ Spoken english classes is provided

**FEBRUARY**

- ➔ Provide oppurtunity to express My self in the assembly and CPTA
- ➔ Conduct reading competetion
- ➔ Provide opportunity in English Assembly

**MARCH**

- ➔ Presentation of English speech in assembly
- ➔ Gain the ability to read and write simple sentences

- ➔ Presentation of reading card in CPTA
- ➔ English Fest

Listen up and Listen to us

- Games,action songs in hello english activities.
- Listen stories ,rhymes skits and conversations with the help of ICT
- Participation in Englis assembly
- Give more importance to communicative english
- Presentation of TPR activities in class room
- Conduct simple discussion in english

Hai English

- Self introduction
- Introducing friends and others
- Describe things and pictures
- Presentations of riddles and puzzles
- Speech about likes and dislikes
- Telling stories in simple english
- Presentation of choreography
- Class level cultural programme
- English hour and englsh day

Magic World

- ➔ Story reading
- ➔ Class library with reading cards,magic pot,simple stories and simple rhymes
- ➔ All children should subscribe the english journals
- ➔ Conduct readingcompetetions

Word and Letters

- Exhibit the names of things in the class class room,school compound in english
- Spelling games
- Making greeting cards
- Making Posters
- Make Picture dictionary

# ശാസ്ത്രകൗതുകം

ലക്ഷ്യങ്ങൾ

- കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞും ചോദ്യങ്ങളുന്നയിച്ചും പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന്
- കുട്ടികളിൽ അന്വേഷണാത്മകതയും നിരീക്ഷണ പാടവവും ശാസ്ത്രാഭിമുഖ്യവും വളർത്തുക
- ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്

പ്രവർത്തനങ്ങൾ

- ക്ലാസ്സിൽ ശാസ്ത്രമൂല സജ്ജമാക്കും.
- എല്ലാ കുട്ടികൾക്കും ശാസ്ത്ര കൊട്ട.ലഘു പരീക്ഷണങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ ശാസ്ത്ര കൊട്ടയിൽ.
- ഓരോ യൂണിറ്റിലും ചെയ്യാൻ കഴിയുന്ന ശാസ്ത്ര പരീക്ഷണങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നു.

| യൂണിറ്റ് | പരീക്ഷണത്തിന്റെ പേര് | ആവശ്യമായ സാധന സാമഗ്രികൾ | | റിമാർക്സ് |
|---|---|---|---|---|
| | | ശാസ്ത്ര കൊട്ടയിൽ | ശാസ്ത്ര മൂലയിൽ | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

- മാസത്തിലൊരിക്കൽ ലഘു പരീക്ഷണ മേള -ക്ലാസ്സിൽ
- ഒരു വർഷത്തിൽ 50 ലഘു പരീക്ഷണങ്ങൾ ചെയ്ത കുട്ടികളെ Little Scientist ആയി പ്രഖ്യാപിക്കും.അവാർഡുകൾ നൽകും
- ജൈവ വൈവിധ്യ ഉദ്യാനം കുട്ടികളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കും
- ജൈവ വൈവിധ്യ ഉദ്യാനത്തെ അടിസ്ഥാനമാക്കി ലഘു പ്രൊജക്ടുകൾ നൽകും
- വീട്ടിൽ ജൈവ വൈവിധ്യ ഉദ്യാനം
- പക്ഷികൾക്ക് കൂടൊരുക്കൽ
- പക്ഷി നിരീക്ഷണ ഇടം സജ്ജമാക്കും
- ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കും
- വിവിധ ഇനം ആൽബങ്ങൾ തയ്യാറാക്കും
- **എല്ലാ കുട്ടികൾക്കും പങ്കാളിത്തമുറപ്പാക്കി ക്ലാസ്സ് തല ശാസ്ത്രോൽസവം സംഘടിപ്പിക്കും**

# ഗണിതം

ലക്ഷ്യങ്ങൾ:-

- ഒന്നു മുതൽ 100 വരെയുള്ളള സംഖ്യകൾ തിരിച്ചറിയുന്നു.എഴുതുന്നു.
- ELPS മുഖേനെ ഗണിതശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്
- ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| സംഖ്യാബോധം | • 2,4,6,.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യ ബോധം കണ്ടെത്തൽ.<br>• ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1കുറച്ചാൽതൊട്ടുമുമ്പുള്ള സംഖ്യയും കിട്ടുമെന്ന തിരിച്ചറിവ് ഉണ്ടാക്കൽ. | ജൂൺ- മാർച്ച് |
| ഗണിത കിറ്റ് | • ഗണിത പഠനത്തിന് സഹായകമായ തലത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് നിർമ്മിക്കുന്നു. | ജൂൺ - മാർച്ച് |
| വലിയ സംഖ്യ<br>ചെറിയ സംഖ്യ. | • 1 മുതൽ 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ..<br>• സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ. | ജൂൺ |
| സങ്കലന പ്രക്രിയകൾ | • സംഖ്യകൾ തമ്മിൽ സങ്കല ന പ്രക്രിയകൾ നടത്തൽ.<br>• ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും. | ജൂൺ - മാർച്ച് |
| ഒറ്റ സംഖ്യകൾ<br>ഇരട്ട സംഖ്യകൾ | • ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ.<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ. | ജൂൺ - മാർച്ച് |
| സംഖ്യാഗാനങ്ങൾ | • സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.<br>• ഗണിത പഠനം ആസ്വാദ്യകരമാക്കുന്നു. | ജൂൺ - മാർച്ച് |
| | • സംഖ്യകളെ സുന്ദരിയാക്കൽ 9ൽ<br>• ഒരു സംഖ്യയും രണ്ട് സംഖ്യയും തമ്മിലുള്ള വ്യവകലനം നടത്തൽ. | ജൂൺ -മാർച്ച് |

| | | |
|---|---|---|
| വർക്ക്ഷീറ്റ്<br><br><br><br><br>വ്യവകലന പ്രവർത്തനങ്ങൾ<br><br>ചിഹ്നങ്ങൾ തിരിച്ചറിയൽ<br><br>ഗണിത കേളികൾ | • സങ്കലനം വ്യവകലനംഎന്നീ ചിഹ്നങ്ങൾക്ക്അനുസരിച്ച്പ്രശ്ന പരിഹാരം നടത്തുന്നു.<br><br>• കൂട്ടുകാരെ കണ്ടെത്താം,ഡോമിനോ കളികൾ,ബോൾ കളി | ജൂൺ -മാർച്ച്<br><br>ജൂൺ - മാർച്ച്<br><br>ജൂൺ -മാർച്ച് |

**English**

***Aim:-***

To speak,read and write English without any mistakes.

| Aim | Activities | Months |
|---|---|---|
| Pretest | • To develop Listening skills & reading skills. | June |
| Listening skills | • Game,action songs,hello English activities,Conversations and skit stories used ITC. | June to March |
| Speaking skills | • Description, growing sentences,picture reading, Picture Description,self introduction assembly activities, speech,book review,quiz Riddles and self introduction | June to March |
| Reading skills | • News paper reading,library books reading,reading breaking news,find words,collect and read past tense,Rhyming words, describing words and textbook activities. | June to March |
| Writing skills | Make word web,picture description,word chain,sentence chain,riddles,Conversation, add more lines ,develop story. | June to March |
| Story and comprehension | • Story telling,retelling , draw and write two lines. | September to March |
| Oral reading | • Rhym and stories, pair group activities | June to March |
| | | |
| | | |

ക്ലാസ്_2

<u>ഉദ്ഗ്രഥിതം</u>

ലക്ഷ്യങ്ങൾ:-

ആത്മവിശ്വാസത്തോടെയും തെറ്റുകൂടാതെയും വായിക്കുന്നതിനും എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നു.ഈണത്തോടയും താളത്തോടെയും പാട്ടുപാടാൻ കഴിയുന്നു.പരീക്ഷണത്തിലൂടെകുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| സംയുക്ത ഡയറി | രക്ഷിതാക്കളുടെ സഹായത്തോടെ ഓരോ ദിവസവും നടക്കുന്ന കാര്യങ്ങൾ കുട്ടി എഴുതുകയും ചിത്രമാക്കുകയും ചെയ്യുന്നു. | ജൂൺ- മാർച്ച് |
| പാട്ടരങ്ങ് | ഓരോ യൂണിറ്റിലും വരുന്ന പാട്ടുകൾ , ICT യുടെ സഹായത്തോടെ കേൾക്കുന്ന പാട്ടുകൾ, സംഗീതോപകരണങ്ങൾലഭ്യമാക്കി കൊണ്ടുള്ള പാട്ടുകൾ | ജൂൺ - മാർച്ച് |
| | പാഠഭാഗങ്ങളുടെ അവതരണം,കഥ അവതരണം,പാട്ട് അവതരണം,നാടകാവതരണം. | |
| അരങ്ങത്തേക്ക് | സ്വതന്ത്ര രചന,കഥാരചന,കവിത രചന, ഡയറി എഴുത്ത്,വിവരണം,വരികൾ കൂട്ടിച്ചേർക്കൽ | ജൂൺ |
| രചനോത്സവം | വായനാ കാർഡുകൾ വായിപ്പിക്കൽ,തെറ്റ് കൂടാതെ പാഠഭാഗം വായിപ്പിക്കൽ,തെറ്റ് കൂടാതെ മലയാളം എഴുതൽ. | ജൂൺ - മാർച്ച് |
| മലയാള മധുരം | തെറ്റ് കൂടാതെ പാഠഭാഗം വായിക്കൽ, വായനാ കാർഡുകൾ വായിക്കൽ, കഥ കവിത മുതലായവ അവതരിപ്പിക്കൽ. | ജൂൺ - മാർച്ച് |
| റീഡേഴ്സ് തിയേറ്റർ | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസിൽ അവതരിപ്പിക്കൽ.പരീക്ഷണത്തിൽ ഏർപ്പെടാനും നിരീക്ഷിക്കാനുംനിഗമനത്തിൽ എത്തിപ്പെടാനും ഉള്ള അവസരം | ജൂൺ - മാർച്ച് |

| | | |
|---|---|---|
| പരീക്ഷണങ്ങൾ<br><br><br><br><br><br><br><br>ലഘു പ്രൊജക്ട്<br><br><br><br><br><br><br><br><br>നിർമ്മാണം | കുട്ടിക്ക് നൽകൽ.<br>കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്തുശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം താരതമ്യം വർഗീകരണം എന്നിവയിൽ എത്തിച്ചേരൽ.<br>പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യൽ. | ജൂൺ -മാർച്ച്<br><br><br><br><br><br><br><br>ജൂൺ - മാർച്ച്<br><br><br><br><br><br><br><br><br><br><br>ജൂൺ - മാർച്ച് |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം.<br>വാർത്താവായനാമത്സരം സംഘടിപ്പിക്കൽ<br>വായനാക്യാമ്പുകൾ<br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച്<br>മാസത്തിൽ ഒന്ന്<br>3 മാസത്തിൽ ഒന്ന്<br>ജൂൺ - മാർച്ച് | | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- **III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്ത റിയാം | 1) കവികളെ കുറി ച്ചുള്ള ഡോക്യു മെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖര ണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോ ഷണം | 1) പൊതു സമൂഹവു മായി ബന്ധപ്പെട്ട് പുസ്തക ശേഖ രണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയി ലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തു കാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദ മായി വായി ക്കാനും സംസാ രിക്കാനും എഴുതു വാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലി യുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാ നുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവ ർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴു തൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗ ങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവ തരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വിക സനം | മൂന്നു മാസം കൂടു മ്പോൾ കുട്ടിക ളുടെ രചനകൾ ഉൾപ്പെ ടുത്തിക്കൊണ്ട് മാസിക തയ്യാറാ ക്കൽ | മൂന്ന് മാസത്തി ലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹമൈ<br>ഠലമരവല്യ<br>ടങ്ങഇ<br>ഇഹമൈ ജഠഅ | ജഠഅ ഋഊറ<br>ടങ്ങഇ |

**മേഖല - അക്കാദമികം**

**ഉപമേഖല - അ ബിക്**

**ക്ലാസ്- I to IV**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്ന തിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രമാറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്-ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br><u>Translation.</u><br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശ, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 3) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 4) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **.ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 6) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

യു.പി സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ,<br><br>ജനാധിപത്യ വേദികളുടെ രൂപീകരണം, പരിചയപ്പെടൽ | അന്തർദേശീയ തലം മുതൽ ജില്ലാ തലം വരെ ഉള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ എന്നിവ പരിശോധിക്കുന്ന മെമ്മറി ടെസ്റ്റ് നടത്തുന്നു.<br><br>സ്കൂൾ പാർലമെൻറ്, സാമൂഹ്യശാസ്ത്ര ക്ലബ് രൂപീകരണം, ഗ്രാമ സഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 2,000 |
| 2 | ചരിത്ര ശേഷിപ്പുകൾ- നിരീക്ഷണങ്ങൾ, ശേഖരണം | സാമൂഹ്യ ശാസ്ത്ര മ്യൂസിയം/ ലാബ് തയ്യാറാക്കൽ, പുരാവസ്തുക്കൾ ശേഖരിക്കൽ, സ്വതന്ത്ര സമര സേനാനികൾ/ സാമൂഹ്യ പരിഷ്കർത്താക്കൾ, സാമ്പത്തിക ശാസ്ത്രജ്ഞർ എന്നിവരുടെ ഡിജിറ്റൽ ആൽബംതയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി. ടി. എ, എസ്.എസ് ക്ലബ് | 25,000 |
| 3 | പ്രകൃതി ദുരന്തങ്ങൾ അപകടങ്ങൾ എന്നിവയെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാ ക്കുന്നു. | അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | സാമൂഹികശാസ്ത്ര അധ്യാപകർ | |
| 4 | സഹ ജീവികളോട് സമഭാവന വളർത്തി എടുക്കൽ | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിതർക്ക് നൽകുന്നു , നിരീക്ഷണം, റിപ്പോർട്ട് തയ്യാറാക്കൽ | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 10,000 |
| 5 | ചരിത്ര സ്മാരക സന്ദർശനം, | ചോദ്യാവലി, നിരീക്ഷിക്കേണ്ട കാര്യങ്ങൾ, റിപ്പോർട്ട് തയ്യാറാക്കൽ | നവംബർ, ഡി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 15,000 |

| | | | | | |
|---|---|---|---|---|---|
| | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി എടുക്കൽ | പ്രാദേശിക ചരിത്ര രചനയിലൂടെ കുട്ടികളിൽ സ്വന്തം നാടിനെ പറ്റി അവബോധം ഉണ്ടാക്കുന്നു. 'എന്റെ നാട് എന്റെ അഭിമാനം' എന്ന പേരിൽ സ്വന്തം പ്രദേശത്തിന്റെയോ അടുത്തുള്ള മറ്റു പ്രദേശങ്ങളുടെയോ ചരിത്രം ശേഖരിക്കലും റിപ്പോർട്ട് തയ്യാറാക്കലും | സം ബർ | | |
| . 6 | വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരനം | സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | ജന വരി, ഫെ ബ്രുവ രി | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ | 10,00 0 |

**AMUPS കുന്നപ്പള്ളി**

# മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപിക | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപിക | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപിക | |
| 4 | CWSN,SLOW LEARNERSകുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപിക | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക.ദിനാചരണപ്രവർത്തനങ്ങളിൽ ഹിന്ദി പോസ്റ്റർ, ഹിന്ദി പത്രിക,പതിപ്പുകൾ തുടങ്ങിയവ തയ്യാറാക്കുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപിക | |
| 7 | കുട്ടികൾ തയ്യാറാക്കിയ ഉൽപന്നങ്ങൾ വിലയിരുത്തുക,ലോക ഹിന്ദി ദിനത്തിൽ പ്രദർശനം സംഘടിപ്പിക്കുക.പ്രോത്സാ ഹന സമ്മാനങ്ങൾ നൽകുക. | ജനവരി | 5,6,7 | ഹിന്ദി അധ്യാപിക | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപിക | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപിക, ഹിന്ദി ക്ലബ് | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപിക | |

# ഉർദു

ലക്ഷ്യങ്ങൾ

• ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.

• ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.

•തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.

• ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനഘട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.

• ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ലശഷി ഉറപ്പാക്കുക.

• മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.

• ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക .

• വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.

• എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.

• ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.

• ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.

• കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

• വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ

| നമ്പർ | പ്രവർത്തനം | പ്രവർത്തനഘട്ടം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | പഠോം ആഗെ ബഢേം<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ |

# ഉർദു

| | | | | |
|---|---|---|---|---|
| 2 | മേരെ അൽഫാസ്<br><br>ഉർദു കയ്യെഴുത് മാഗസിൻ | രചനാ ലശഷി വളർത്തൽ, ഉർ ദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യം പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകതവളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക ചുമർപത്രിക നിർമ്മാണം ,വായനകാർഡ് നിർമ്മാണം | ടേമിൽ 1 | ഉർദു സബ്ജക്ട് കൗ ണ്സി ല് |
| 3 | ഖസാന- എ ഇൽമ്<br><br>പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക, | | ഉർദു ക്ലബ് |
| 4 | മുശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | | ഉർദു ക്ലബ് |
| 5 | ഹം മിലേം<br><br>ഉർദു ക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ' ക്ലാസുകൾ സംഘടിപ്പിക്കുക | | ഉർദു ക്ലബ് |
| 6 | ഉർദു ദിനം | ടാലെന്റ് മീറ്റ്<br>അക്ഷരമരം<br>ഭാഷാസെമിനാർ<br>എന്റെ പതിപ്പ് | | ഉർദു ക്ലബ് |
| 7 | വായന ആസ്വാദനം | കുട്ടി വായന , ആസ്വാദന കുറിപ്പ് , പുസ്തകചർച്ച ,ക്വിസ് മത്സരം ,മെഗാക്വിസ്. | ഒരു വർഷം | ഉർദു ക്ലബ് |
| 8 | തലാശ് | പ്രാദേശിക പഠന യാത്ര സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് |

## ഉർദു

| | | | | |
|---|---|---|---|---|
| 9 | ദിനാചരണങ്ങൾ | ഭാഷ ശേഷി വളർത്തുന്ന തിന് ഉതകുന്ന ദിനാചരണ പരിപാടി കൾ നടത്തൽ | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ് |
| 10 | ഉർദു കെ മോത്തിയാം<br><br>സാഹിത്യ കാരൻ മാരെ പരിചയംപെടൽ | ഉറുദു സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കൃതികൾ.... എന്നിവ പരിചയപ്പെടുത്തുക | | ഉർദു ക്ലബ് |

അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ കൃഷിരീതികൾ പരിചയപ്പെടുന്നു | • പഠനയാത്ര -വിവിധ കൃഷിരീതികൾ പരിചയപ്പെടൽ<br>• നിരീക്ഷണം -പട്ടിക പെടുത്തൽ<br>• പഠനയാത്രാ റിപ്പോർട്ട് തയ്യാറാക്കൽ | ജൂൺ | SSG | 5000 |
| 5,6,7ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ പറയുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | • 5,6,7ക്ലാസ്സുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾകൊള്ളിച്ചുകൊണ്ട് വർക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• നിരന്തരമൂല്യനിർണ്ണായതിനാവശ്യമായ ടൂളുകൾ,യൂണിറ്റ്ടെസ്റ്റുകൾഎന്നിവനടത്തുന്നു | വർഷം മുഴുവൻ | SSG | 10000 |
| ലാബ് ശക്തീകരണം<br><br>പരീക്ഷണ നിരീക്ഷണങ്ങൾ സ്വയം ചെയ്യാനും നിഗമനങ്ങൾ രൂപീകരിക്കാനും | • പാഠഭാഗങ്ങൾക്ക് അനുയോജ്യമായ പരീക്ഷണങ്ങൾക്കനുസരിച്ച് സാമഗ്രികൾ കണ്ടെത്തുന്നു, ക്രമപ്പെടുത്തുന്നു.<br>• എല്ലാവർക്കും പരീക്ഷണങ്ങളിൽ പങ്കാളികളാവാനും പരീക്ഷണങ്ങൾ ചെയ്യാൻതാല്പര്യംജനിപ്പിക്കാൻ ഉതകുന്ന വിധത്തിലും മാസത്തിൽ സയൻസ് മാജിക് ഷോനടത്തുന്നു.<br>• ശാസ്ത്രകിറ്റ്, ഹോം ലാബ് എന്നിവ ഓരോ കുട്ടിക്കും രക്ഷിതാക്കളുടെ സഹായത്തോടെ സജ്ജമാക്കുന്നു. | വർഷം മുഴുവൻ | SSG, SRG, സയൻസ് ക്ലബ് , മാനേജർ | 50000 |
| സ്കൂൾ ശാസ്ത്രമേള<br><br>വിദ്യാർത്ഥികളിൽ ശാസ്ത്രീയ മനോഭാവവും അഭിരുചിയും വളർത്തുക | ലഘുപരീക്ഷണങ്ങൾ, ചാർട്ട്, മോഡൽസ്, വർക്കിങ് മോഡൽ | ഓഗസ്റ്റ് | SSG സയൻസ് ക്ലബ് SRG | 3000 |
| 5,6,7 ക്ലാസുകൾക്ക് ആവശ്യമായ പഠന | ▪പാഠഭാഗവുമായി ബന്ധപ്പെട്ട് നിർമ്മിക്കാവുന്ന പഠനോപകരണങ്ങൾ | | | |

| | | | | |
|---|---|---|---|---|
| പിന്തുണഉറപ്പ് വരുത്തുന്നതിനുള്ള ഉപകരണങ്ങൾ തയ്യാറാക്കുക | പട്ടികപ്പെടുത്തുന്നു.<br>▪ആവശ്യമായ സാമഗ്രികൾ ശേഖരിക്കുന്നു.<br>ശില്പശാല സംഘടിപ്പിക്കുന്നു | | | |
| വിജ്ഞാനസാമ്പാദനത്തോടൊപ്പം അന്വേഷനാത്മക ഗവേഷണ ബുദ്ധി എന്നിവ വളർത്തിയെടുക്കുക | ▪ബുള്ളറ്റിൻ ബോർഡ്<br>▪ശാസ്ത്രമാഗസിൻ തയ്യാറാക്കുക | നവംബർ | SSG | 10000 |
| വാനനിരീക്ഷണ ക്യാമ്പ്<br><br>പ്രകൃതി പ്രതിഭാസങ്ങളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുന്നു. | വാനനിരീക്ഷണം ക്യാമ്പ് സംഘടിപ്പിക്കുന്നു.<br>ആകാശ വിസ്മയങ്ങൾ നേരിട്ടറിയാൻ അവസരം നൽകുന്നു | ജനുവരി | SSG സയൻസ് ക്ലബ് | 10000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു ഭാഷ കേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺമാസം | മലയാളം അധ്യാപകൻ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്താ ലോകത്തേക്ക് പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ക്ലാസുകളിൽ എന്നും കുട്ടികളെ കൊണ്ട് പത്രം വായിപ്പിക്കുന്നു അതാത് മാസത്തെ | എല്ലാ ദിവസവും<br>പ്രതിമാസം | മലയാളം അധ്യാപകൻ<br>മലയാളം ക്ലബ് | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | പ്രധാന സംഭവങ്ങൾ സ്കൂൾ ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | | | |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുള്ള അടുപ്പം താൽപര്യം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരെ പരിചയപ്പെടുത്തുന്നു | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ | |
| മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും<br><br>പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു<br><br>മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ ചൊൽ കാഴ്ചകൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | ക്ലാസ് ലീഡർമാർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | |

Scanned with OKEN Scanner